# തെങ്ങുകയറ്റം തിരഞ്ഞെടുക്കുന്നവർക്ക് യൂണിയൻ ബാങ്കിൻെറ ഇരുചക്രവാഹന വായ്പ

കൊച്ചി: തെങ്ങ് കയറ്റം, നാളികേര സംരക്ഷണം എന്നീ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുന്നവർക്ക് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഇരുചക്ര വാഹനവായ്പയായി 50,000 രൂപ വരെ ജാമ്യമില്ലാതെ നൽകുന്നു. നാളികേര വികസന ബോർഡ് നിർദ്ദേശിക്കുന്നവർക്കാണ് 'തെങ്ങിൻെറ സുഹൃത്തുക്കൾക്കുള്ള' വായ്പ നൽകുകയെന്ന് യൂണിയൻ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ മായങ്ക് മേത്ത അറിയിച്ചു.

അര ലക്ഷം രൂപയിൽ 12,500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയാണ്. നാളികേര വികസന ബോർഡ് വഴിയാണ് സബ്സിഡി ലഭ്യമാക്കുക. തുടക്കത്തിൽ സംസ്ഥാനത്തെ 500 'തെങ്ങിൻെറ സുഹൃത്തുക്കൾക്ക് വിവിധ ശാഖകൾ വഴി വായ്പ നൽകും. തെങ്ങുകയറ്റ ഉപകരണങ്ങളും നാളികേര ബോർഡ് സൗജന്യമായി നൽകും. പുതുതായി തെങ്ങുകയറ്റ മേഖലയിലേക്ക് വരുന്നവർക്ക് തൊഴിലിനായി കൂടുതൽ സ്ഥലങ്ങളിൽ എത്തിപ്പെടാൻ കഴിയുന്നതിനാണ് സംസ്ഥാന സർക്കാർ ഇരുചക്ര വാഹനങ്ങൾക്ക് 25 ശതമാനം സബ്സിഡി അനുവദിക്കുന്നത്. വായ്പ ആവശ്യമുള്ളവർ നാളികേര വികസന ബോർഡ്, കേരഭവൻ, എസ്.ആർ.വി.എച്ച്.എസ്.റോഡ്, കൊച്ചി-11 എന്ന വിലാസത്തിൽ ബന്ധപ്പെടണം.